# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

അതിരൂപതയിലുടനീളമുള്ള എല്ലാ പുരോഹിതന്മാർക്കും, ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കും ഒരു വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് (ഡബ്ലിയു.ഡബ്ലിയു.സി.സി) (Working with Children Check (WWCC) ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളുടെ സുരക്ഷിതത്വത്തിനുള്ള ഒരു സമഗ്ര സമീപനത്തിന്റെ ഒരു ഘടകമാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. ഒരു ഡബ്ലിയു.ഡബ്ലിയു.സി.സി (WWCC) ഉണ്ടെന്നുള്ളത് ഒരു വ്യക്തി കുട്ടികളോടും ചെറുപ്പക്കാരോടുമൊപ്പം പ്രവർത്തിക്കുന്നതിന് അനുയോജ്യനാണെന്ന് ഉറപ്പ് നൽകുന്നില്ല.

ഇടവക, ഏജൻസി, അല്ലെങ്കിൽ എന്റിറ്റി ചുമതലകളിലുള്ള പുരോഹിതന്മാരും, ജീവനക്കാരും സന്നദ്ധ പ്രവർത്തകരും, അവരുടെ ചുമതലയ്ക്ക് കുട്ടികളുമായും ചെറുപ്പക്കാരുമായും പ്രത്യക്ഷമോ പരോക്ഷമോ ആയ സമ്പർക്കമുണ്ടോ അല്ലെങ്കിൽ സമ്പർക്കമില്ലേ എന്നു കണക്കിലെടുക്കാതെ, അതിരൂപതയെ പ്രതിനിധീകരിക്കുകയും നമ്മുടെ സമുദായങ്ങളിൽ വിശ്വാസ്യതയുടെ ഒരു സ്ഥാനം വഹിക്കുകയും ചെയ്യുന്നുണ്ട്.

അതിരൂപതാ ഇടവകകളിലും ഏജൻസികളിലും എന്റിറ്റികളിലും ജോലി ചെയ്യുകയോ സന്നദ്ധപ്രവർത്തനം നടത്തുകയോ ചെയ്യുന്നവരെ പലപ്പോഴും കുട്ടികളും ചെറുപ്പക്കാരും വലിയ ബഹുമാനത്തോടെയാണ് കാണുന്നത് എന്ന് അംഗീകരിക്കുന്നതിനാൽത്തന്നെ, അതിരൂപതയ്ക്കുള്ളിൽ ജോലി ചെയ്യുകയോ സന്നദ്ധപ്രവർത്തനം നടത്തുകയോ ചെയ്യുന്ന എല്ലാവരെയും WWCC പ്രക്രിയയിലൂടെ ഉചിതമായ വിധത്തിൽ യോഗ്യതാനിർണ്ണയം നടത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ഒരു ആവശ്യമാണ്.

ശമ്പളത്തോടെയോ സന്നദ്ധ സേവകരെന്ന നിലയ്ക്കോ ഉള്ള നിയമനം തൃപ്തികരമായ ഒരു WWCCക്ക് (ഹ്രസ്വകാല അല്ലെങ്കിൽ ഒരിക്കൽ മാത്രമുള്ള സന്നദ്ധപ്രവർത്തകരെയൊഴികെ) വിധേയവും സോപാധികവും ആണ്.

കാത്തലിക് ആർച്ച്ഡയോസീസ് ഓഫ് മെൽബൺ (സി.എ).എം.) Catholic Archdiocese of Melbourne (CAM)ന്റെ WWCC ആവശ്യകതകൾ WWCC നിയമത്തിന്റെ ആവശ്യകതകളെ അധികരിക്കുന്നതാണ്. WWCCകളോടുള്ള CAM'ന്റെ രഹസ്യാത്മക സമീപനം കുട്ടികൾക്കും ചെറുപ്പക്കാർക്കും സുരക്ഷിതമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിൽ നാമെല്ലാം ഒന്നിച്ചു നില്ക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും കുട്ടികൾക്കും ചെറുപ്പക്കാർക്കും പ്രകടമായ അപകടസാധ്യത ഉയർത്തുന്ന വ്യക്തികളെ ഒഴിവാക്കുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത തെളിയിക്കുകയും ചെയ്യുന്നു.

### പുരോഹിതന്മാർക്കും, ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കുമുള്ള WWCC ആവശ്യകത

18 വയസ്സിനു മുകളിലുള്ള എല്ലാ പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ഇടവകകളിലും ഏജൻസികളിലും എന്റിറ്റികളിലുമുള്ള അവരുടെ ഇടപെടലിൽ ഉടനീളം നിലവിലുള്ള ഒരു WWCC നിലനിർത്തേണ്ടതുണ്ട്.

നിലവിലുള്ള ഒരു WWCC ഇല്ലാത്ത പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ആരംഭിക്കുന്നതിനു മുമ്പ് ഒരു WWCCയ്ക്ക് അപേക്ഷിക്കണമെന്നതും - അവർ ഒരു WWCCയ്ക്കായി അപേക്ഷിച്ചിട്ടുണ്ടെന്നതിന് തെളിവായി ഒരു അപേക്ഷാ രസീത് നല്കുവാൻ സാധിക്കണമെന്നതും ഒരു ആവശ്യകതയാണ്. ഒരു WWCCയ്ക്കായുള്ള അപേക്ഷാ പ്രക്രിയ ഓൺലൈനായി ആരംഭിക്കാവുന്നതും പങ്കുകൊള്ളുന്ന ഒരു ഓസ്ട്രേലിയ പോസ്റ്റ് ഓഫീസിൽ (Australia Post Office) അന്തിമതീരുമാനം എടുക്കുന്നതുമാണ്.

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

## കൂടുതൽ വിവരങ്ങൾ

WWCC വെബ്സൈറ്റ് - ഒരു പരിശോധനയ്ക്കായി അപേക്ഷിക്കുക:
https://www.workingwithchildren.vic.gov.au/individuals/applicants/how-to-apply#Complete_online_application

തങ്ങളുടെ അപേക്ഷ സമർപ്പിക്കപ്പെട്ടു കഴിയുകയും ഒരു തീരുമാനത്തിന് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ മിക്ക ആളുകൾക്കും ജോലി ചെയ്യാവുന്നതാണ്. ചില നിശ്ചിത വ്യക്തികളെ മാത്രം അവരുടെ അപേക്ഷ പരിഗണിച്ചുകൊണ്ടിരിക്കുന്ന സമയത്ത് കുട്ടികളോടൊത്ത് പ്രവർത്തിക്കുവാൻ നിയമം മൂലം അനുവദിക്കുന്നില്ല. ഇവരിൽ ചുവടെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു:

- വർക്കിംഗ് വിത് ചിൽഡ്രൻ ആക്ട് 2005 (വിക്) (*Working with Children Act 2005* (Vic))ന്റെ ഷെഡ്യൂൾ 3 ക്ലോസ് 2 ൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ഒരു ലൈംഗിക, അതിക്രമ അല്ലെങ്കിൽ മയക്കുമരുന്ന് കുറ്റകൃത്യത്തിൽ ചാർജ് ചെയ്യപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ കുറ്റക്കാരാണെന്ന് കണ്ടെത്തുകയോ ചെയ്തവർ
- ഭൂതകാലത്ത് ഒരു നെഗറ്റീവ് നോട്ടീസ് (Negative Notice) നല്കപ്പെട്ടവർ
- ചൈൽഡ് എംപ്ലോയ്മെന്റ് ആക്ട് (*Child Employment Act*) 2003 (വിക്) നു കീഴിൽ 15 വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെ സൂപ്പർവൈസ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നവർ
- ചിൽഡ്രൻസ് സർവീസസ് ആക്ട് (*Children's Services Act*) 1996 (വിക്) നാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സേവനത്തിലോ എജ്യൂക്കേഷൻ ആൻഡ് കെയർ സർവീസസ് നാഷണൽ ലോ ആക്ട് 2010 (വിക്) (*Education and Care Services National Law Act 2010* (Vic) നു കീഴിലുള്ള ഒരു വിദ്യാഭ്യാസവും പരിചരണവും നല്കുന്ന സേവനത്തിലോ ജോലി ചെയ്യുവാൻ ഉദ്ദേശിക്കുന്നവർ
- ചുവടെ പറയുന്നവയ്ക്കു കീഴിലുള്ള ഓർഡറുകൾക്കോ റിപ്പോർട്ടിംഗ് ബാദ്ധ്യതകൾക്കോ വിധേയരായവർ:
    - *സെക്സ് ഒഫെൻഡേഴ്സ് രജിസ്ട്രേഷൻ ആക്ട് 2004 (വിക്)* (*Sex Offenders Registration Act 2004* (Vic))
    - *സീരിയസ് സെക്സ് ഒഫെൻഡേഴ്സ് മോണിട്ടറിംഗ് ആക്ട് 2005 (വിക്) (Serious Sex Offenders Monitoring Act 2005* (Vic)
    - *സീരിയസ് സെക്സ് ഒഫെൻഡേഴ്സ് (ഡിറ്റെൻഷൻ ആൻഡ് സൂപ്പർവിഷൻ) ആക്ട് 2009 (വിക്)* (*Serious Sex Offenders (Detention and Supervision) Act 2009* (Vic).
- Working with Children Check വെബ്സൈറ്റ് - പതിവ് ചോദ്യങ്ങൾ:
- https://www.workingwithchildren.vic.gov.au/about-the-check/resources
- Working with Children Check ഇംഗ്ലീഷ് സംസാരിക്കാത്തവർക്കായുള്ള വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് വിവരങ്ങളും പരിഭാഷകളും: https://www.workingwithchildren.vic.gov.au/about-the-check/resources/general-information-guide-കൂടാതെ_പരിഭാഷകളും
- Working with Child Check മത പുരോഹിതന്മാർക്കുള്ള വിവര മാർഗ്ഗനിർദ്ദേശങ്ങൾ: https://www.workingwithchildren.vic.gov.au/sites/default/files/embridge_cache/emshare/original/public/2019/02/4b/387709789/MoR%20nformation%20Guide%20.pdf
- വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് വിക്ടോറിയ
  1300 652 879

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

ഒരു വോളണ്ടിയർ ചെക്ക് സന്നദ്ധ പ്രവർത്തനത്തിനു മാത്രം സാധുവായിട്ടുള്ളതും സൗജന്യവുമാണ്. ഒരു വോളണ്ടിയർ ചെക്ക് വച്ച് കുട്ടികളുമായി ബന്ധപ്പെട്ട വേതനം ലഭിക്കുന്ന ജോലിയിൽ ഏർപ്പെടുന്നത് ഒരു കുറ്റകൃത്യമാണ്. ഒരു എംപ്ലോയീ ചെക്ക് വേതനം ലഭിക്കുന്ന ജോലിക്കും സന്നദ്ധ ജോലിക്കും സാധുതയുള്ളതും ഒരു ഫീസ് ബാധകമായിട്ടുള്ളതുമാണ്.

ഒരു WWCC 5 വർഷത്തേക്ക് സാധുതയുള്ളതാണ്. സാധുതയുള്ളതും നിലവിലുള്ളതുമായ ഒരു WWCC സൂക്ഷിക്കുന്നതിന് പുരോഹിതന്മാർക്കും ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കും ഉത്തരവാദിത്തമുണ്ട്.

പ്രൊഫെഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റ് (Professional Standards Unit) CAM പുരോഹിതന്മാർക്കും വൈദികവിദ്യാർത്ഥികൾക്കും വേണ്ടിയുള്ള WWCCകൾ ഏകോപിപ്പിക്കുന്നതായിരിക്കും.

ആർച്ച്ബിഷപ്പ്സ് ഓഫീസ് ഓഫ് ഇവാൻജെലൈസേഷൻ പട്ടക്കാരല്ലാത്ത ക്രിസ്തീയ സഭാശുശ്രൂഷകരെന്ന നിലയിലുള്ള അക്രെഡിറ്റേഷനു വേണ്ടിയുള്ള അപേക്ഷകർക്കുള്ള ഡബ്ല്യൂ.ഡബ്ല്യൂ.സി.സി.കൾ (WWCCs) ഏകോപിപ്പിക്കുന്നതു തുടരും.

## കൂടുതൽ വിവരങ്ങൾ

ഇംഗ്ലീഷിലും ലളിതമായ ഇംഗ്ലീഷിലും ലഭ്യമായിരിക്കുന്നതു കൂടാതെ, WWCC വിവരങ്ങൾ അറബി, കാന്റോണീസ്, ഹിന്ദി, മാൻഡരിൻ, സൊമാലി, സ്പാനിഷ്, ഉറുദു, വിയറ്റ്നാമീസ് എന്നിവയുൾപ്പെടെയുള്ള അനേകം സമുദായ ഭാഷകളിലേക്കും പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്.

WWCC വെബ്സൈറ്റ് - പരിഭാഷകൾ:
www.workingwithchildren.vic.gov.au/home/resources/translations

ഒരു വിവര ഷീറ്റ് ഒരു സമൂഹത്തിന്റെ ഭാഷയിൽ ലഭ്യമല്ലെങ്കിൽ, വ്യക്തിക്ക് 13 14 50 എന്ന നമ്പറിൽ ട്രാൻസ്ലേറ്റിംഗ് ആൻഡ് ഇന്റർപ്രെറ്റിംഗ് സർവീസ് (ടി.ഐ.എസ്.) (Translating and Interpreting Service (TIS))നെ ബന്ധപ്പെടാവുന്നതും വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് സപ്പോർട്ട് ലൈനിൽ (Working with Children Check Support Line) 1300 652 879 (ലോക്കൽ കാൾ ചാർജുകൾ) വിളിക്കുവാൻ അവരോട് അപേക്ഷിക്കാവുന്നതുമാണ്.

സംസാരശേഷിക്കോ കേൾവിക്കോ തകരാറോ ബധിരതയോ ഉള്ളവർക്കും (ടി.ടി.വൈ.) നാഷണൽ റിലേ സർവീസ് (എൻ.ആർ.എസ്.) (National Relay Service (NRS)) ലൂടെ സേവനങ്ങൾ ലഭ്യമാണ്.

## സമ്പർക്ക വിശദാംശങ്ങൾ

- ടി.ടി.വൈ.(TTY) / വോയിസ് കോളുകൾ: 133 677
- സ്പീക്ക് ആൻഡ് ലിസൺ: 1300 555 727
- വെബ്സൈറ്റ്: https://relayservice.gov.au.

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

## ഒരു വ്യക്തി ഒരു WWCC നല്കുന്നതിനോ അതിന് അപേക്ഷിക്കുന്നതിനോ നിരസിക്കുകയാണെങ്കിൽ

ഒരു വ്യക്തി ഒരു WWCC നല്കുന്നതിനോ അതിന് അപേക്ഷിക്കുന്നതിനോ നിരസിക്കുകയാണെങ്കിൽ, അവർക്ക് Catholic Archdiocese of Melbourneനുള്ളിൽ ജോലിയിൽ ഏർപ്പെടുന്നതിനോ ഒരു സന്നദ്ധ പ്രവർത്തനം നടത്തുന്നതിനോ അനുമതി ഇല്ല. ഒരു വ്യക്തി WWCC ആവശ്യകത നിറവേറ്റുന്നതിന് തയ്യാറാവാത്തപക്ഷം കൂടുതൽ ഉപദേശത്തിനായി Catholic Archdiocese of Melbourneന്റെ പ്രൊഫെഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റിനെ (Professional Standards Unit) ബന്ധപ്പെടേണ്ടതാണ്.

## ഇടവകകളും ഏജൻസികളും എന്റിറ്റികളുമായുള്ള പങ്കാളിത്തം രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത

പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും, ഇടവകകളും ഏജൻസികളും എന്റിറ്റികളുമായുള്ള അവരുടെ പങ്കാളിത്തം, അത് ആരംഭിച്ച് 21 ദിവസങ്ങൾക്കുള്ളിൽ വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് (Working with Children Check) വെബ്സൈറ്റിന്റെ മൈചെക്ക് (MyCheck) ഫങ്ഷനിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്: https://online.justice.vic.gov.au/wwccu/login.doj?next=mycheck

ആ വ്യക്തിയുടെ WWCC സ്ഥിതിയിൽ ഒരു മാറ്റമുണ്ടാവുന്നപക്ഷം, ഇടവക, ഏജൻസി, അല്ലെങ്കിൽ എന്റിറ്റിക്ക് അറിയിപ്പ് ലഭിക്കുന്നതിന് ഇത് സാധ്യമാക്കും (ഉദാ. പ്രസക്തമായ ചാർജുകൾ അല്ലെങ്കിൽ കുറ്റനിർണ്ണയം കാരണമുള്ള സസ്പെൻഷൻ അല്ലെങ്കിൽ പിൻവലിക്കൽ).

Working with Children Check വെബ്സൈറ്റിലുള്ള ചെക്ക് സ്റ്റാറ്റസ് (Check Status) ഫങ്ഷൻ സംഘടനകളെ ഒരു വ്യക്തിയുടെ കാർഡ് അല്ലെങ്കിൽ അപേക്ഷയുടെ സ്ഥിതി, തരം, കാലാവധി തീരുന്ന തീയതി ഇവ പരിശോധിക്കുന്നതിന് പ്രാപ്തമാക്കുന്നു: https://online.justice.vic.gov.au/wwccu/checkstatus.doj

## WWCC വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആവശ്യകത

പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധ പ്രവർത്തകരും ചുവടെ പറഞ്ഞിരിക്കുന്നവ ഉൾപ്പെടെയുള്ള എല്ലാ WWCC വിശദാംശങ്ങളും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതുണ്ട്:

- പേര്
- ജനനത്തീയതി
- താമസസ്ഥലത്തെ മേൽവിലാസം
- ടെലിഫോൺ നമ്പറുകൾ
- അവർ ഏർപ്പെട്ടിരിക്കുന്ന (ഉദാ. ജോലി, സന്നദ്ധ പ്രവർത്തനം) സംഘടനകളുടെ സമ്പർക്ക വിശദാംശങ്ങൾ

Working with Children Check വെബ്സൈറ്റിന്റെ MyCheck ഫങ്ഷനിലൂടെ WWCC വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാവുന്നതാണ്: https://online.justice.vic.gov.au/wwccu/login.doj?next=mycheck

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

## WWCC രജിസ്റ്റർ

അതിരൂപത ഇടവകകളും ഏജൻസികളും എന്റിറ്റികളും എല്ലാ WWCCകളുടെയും ഒരു രജിസ്റ്റർ സൂക്ഷിക്കുകയും, പുരോഹിതർക്കും ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കും വേണ്ടിയുള്ള WWCCകൾ അവരുടെ സ്ഥിതിക്ക് (ഉദാ. സന്നദ്ധ പ്രവർത്തകൻ അല്ലെങ്കിൽ വേതനം പറ്റുന്ന ജീവനക്കാരൻ) ഉചിതവും, നിലവിൽ ഉള്ളതും ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുമായി ബന്ധപ്പെടുത്തപ്പെട്ടതാണെന്നും അതായത് ആ വ്യക്തി ഇടവകയുമായുള്ള തന്റെ പങ്കാളിത്തം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

ആ വ്യക്തി ഒരു WWCCയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് അല്ലെങ്കിൽ ആ വ്യക്തിക്ക് നിലവിലുള്ള ഒരു WWCC ഉണ്ടെന്ന് സ്ഥിരീകരിക്കുന്നതിന് ഇടവകകളും ഏജൻസികളും എന്റിറ്റികളും വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് വെബ്സൈറ്റിലൂടെ WWCC കളുടെ സ്ഥിതി പരിശോധിക്കേണ്ടതാണ്.

രജിസ്റ്ററിന്റെ ഏറ്റവും ചുരുങ്ങിയ ആവശ്യകതകൾ:

- പുരോഹിതഗണത്തിലെ അംഗം, ജീവനക്കാരൻ അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകന്റെ പേര്
- വഹിക്കുന്ന ചുമതല(കളുടെ) പേര്
- പ്രസ്തുത ചുമതല സന്നദ്ധ പ്രവർത്തനമാണോ വേതനത്തോടുകൂടിയ ജോലിയാണോ
- ഒരു ഒഴിവാക്കൽ ബാധകമാണോ, എങ്കിൽ എന്തുകൊണ്ട് ഒരു ഒഴിവാക്കൽ ബാധകമാണ് എന്നതിന്റെ വിശദീകരണം. ഉദാ. 18 വയസ്സിൽ താഴെയുള്ള സന്നദ്ധപ്രവർത്തകൻ
- അപേക്ഷാ രസീത് നമ്പർ (ഒരു പരിശോധനയ്ക്കു വേണ്ടി അപേക്ഷിക്കുന്നവർക്ക്)
- WWCC നമ്പർ
- കാർഡ് സൈറ്റഡ് കോളം - കാർഡ് സൈറ്റ് ചെയ്യുന്ന വ്യക്തിയുടെ ഒരു കയ്യൊപ്പിനു വേണ്ടി
- കാലാവധി കഴിയുന്ന തീയതി
- Working with Children Check വെബ്സൈറ്റിലൂടെ കറൻസി/ സാധുതാ പരിശോധന
- ഇടവക, ഏജൻസി, അല്ലെങ്കിൽ എന്റിറ്റിയുമായുള്ള പങ്കാളിത്തം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## WWCC സ്റ്റാറ്റസിന്റെ ഒരു മാറ്റവുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ

ചുവടെ പറയുന്ന സാഹചര്യങ്ങളിൽ:

- അപേക്ഷാ പ്രക്രിയയുടെ ഭാഗമായി വ്യക്തിക്ക് ഒരു ഇന്ററിം നെഗറ്റീവ് നോട്ടീസ് (Negative Notice) നല്കപ്പെട്ടിട്ടുണ്ട്
- നിലവിലുള്ള പുരോഹിതഗണത്തിന്റെയും, ജീവനക്കാരുടെയും അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകരുടെയും ഒരു WWCCയുടെ കാലാവധി കഴിയുകയോ, സസ്പെൻഡ് ചെയ്യപ്പെടുകയോ പിൻവലിക്കപ്പെടുകയോ ചെയ്തു (നെഗറ്റീവ് നോട്ടീസ്)

പുരോഹിതഗണത്തിലെ അംഗം, ജീവനക്കാരൻ അല്ലെങ്കിൽ സന്നദ്ധപ്രവർത്തകൻ ഉടനടി ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയെ അറിയിക്കേണ്ടതും വിഷയം തൃപ്തികരമായി പരിഹരിക്കപ്പെടുന്നതുവരെ വേലയിൽ അല്ലെങ്കിൽ ജോലിയിൽ തുടരുന്നത് അവസാനിപ്പിക്കേണ്ടതുമാണ്.

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

WWCCയുടെ സ്ഥിതിയെക്കുറിച്ച് (ഉദാ. കാലാവധി അവസാനിക്കൽ, സസ്പെൻഷൻ അല്ലെങ്കിൽ പിൻവലിക്കൽ) അറിയിപ്പ് ലഭിക്കുകയോ അവബോധമുണ്ടാവുകയോ ചെയ്ത ഇടവകകളും ഏജൻസികളും എന്റിറ്റികളും, വിഷയം തൃപ്തികരമായി പരിഹരിക്കപ്പെടുന്നതുവരെ ജീവനക്കാരന് അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകന് ജോലിയിൽ ഏർപ്പെടുവാൻ സാധിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടി എടുക്കേണ്ടതാണ്.

## അവരുടെ കുട്ടി സാധാരണമായി പങ്കെടുക്കാറുള്ള ഒരു പ്രവർത്തനത്തിൽ മാതാപിതാക്കൾ ജോലി ചെയ്യുകയോ സന്നദ്ധ പ്രവർത്തനം ചെയ്യുകയോ ചെയ്യുന്നത്

കുട്ടികളുടെ സുരക്ഷിതത്വം ശക്തിപ്പെടുത്തുന്നതിനുള്ള ഞങ്ങളുടെ പരിശ്രമങ്ങളിൽ, അവരുടെ കുട്ടി സാധാരണമായി പങ്കെടുക്കുന്ന ഒരു പ്രവർത്തനത്തിൽ ജോലി ചെയ്യുകയോ സന്നദ്ധ പ്രവർത്തനം നടത്തുകയോ ചെയ്യുന്ന മാതാപിതാക്കൾ ഒരു WWCC എടുക്കുവാൻ ആവശ്യപ്പെടുന്ന തീരുമാനം CAM എടുത്തിട്ടുണ്ട്. കുട്ടികളും യുവജനങ്ങളുമായുള്ള ബന്ധത്തിൽ പുരോഹിതഗണവും, ജീവനക്കാരും സന്നദ്ധപ്രവർത്തകരും ശക്തിയുടേതും അധികാരത്തിന്റേതുമായ ഒരു സ്ഥാനം വഹിക്കുന്നുണ്ട്; CAMന് അകത്ത് കുട്ടികളും യുവജനങ്ങളുമായി ഇടപെടുന്ന വ്യക്തികൾ കുട്ടികൾക്കും യുവജനങ്ങൾക്കും ഒരു അപകടസാധ്യത ഉയർത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് ആ വ്യക്തികളെ പരിശോധിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് എല്ലാ നടപടികളും എടുക്കേണ്ടതാണ്.

## വിക്ടോറിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചിംഗ് രജിസ്ട്രേഷനും WWCCയും

വിക്ടോറിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചിംഗിൽ (വി.ഐ.ടി.) (Victorian Institute of Teaching (VIT)) നിലവിൽ ഒരു രജിസ്ട്രേഷൻ ഉള്ളതും ഒരു വിദ്യാഭ്യാസപരമായ സംവിധാനത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതുമായ ഒരു ടീച്ചർ ഒരു WWCC എടുക്കേണ്ട ആവശ്യകതയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. 2019 സെപ്തംബർ 1 മുതൽ പ്രാബല്യത്തിൽ, രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള അധ്യാപകർ അവർ സന്നദ്ധ പ്രവർത്തനം നടത്തുന്ന സംഘടനകളെ WWCC യൂണിറ്റിലേക്ക് നിർദ്ദേശിക്കണമെന്ന് VIT ആവശ്യപ്പെടും. ടീച്ചർ ആ സംഘടനയെ നിർദ്ദേശിച്ചിട്ടുണ്ട് എന്ന സ്ഥിരീകരണം WWCC യൂണിറ്റ് ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിക്ക് അയക്കും. ടീച്ചറിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യപ്പെടുകയോ റദ്ദാക്കപ്പെടുകയോ ചെയ്താൽ സംഘടനകൾക്ക് അറിയിപ്പു നല്കുവാൻ VITക്കു സാധിക്കുന്നുവെന്ന് ഇത് ഉറപ്പു വരുത്തും.

## പോലീസും WWCCയും

വിക്ടോറിയ പോലീസിൽ അല്ലെങ്കിൽ ഓസ്ട്രേലിയൻ ഫെഡറൽ പോലീസ് (Australian Federal Police) ൽ സേവനം ചെയ്യുന്ന അംഗങ്ങൾ വിക്ടോറിയൻ നിയമത്തിനു കീഴിലുള്ള WWCC ആവശ്യകതയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

എന്നിരുന്നാലും, ഓഫീസറുടെ നിയമനത്തിന്റെ നിലവിലെ സ്ഥിതി സംഘടനകളെ അറിയിക്കുന്നതിനു നേരിട്ടുള്ള രീതി ഇല്ലാത്തതിനാൽ, പോലീസ് ഓഫീസർമാർ ഒരു WWCC എടുക്കുകയും ഇടവക, ഏജൻസി, അല്ലെങ്കിൽ എന്റിറ്റിയെ വോളണ്ടിയറിംഗ് ബോഡിയായി നിർദ്ദേശിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്. WWCC കാർഡ് സസ്പെൻഡ് ചെയ്യപ്പെടുകയും / അല്ലെങ്കിൽ പിൻവലിക്കപ്പെടുകയും ചെയ്താൽ CAMന് അറിയിപ്പു ലഭിക്കുമെന്ന് ഇത് ഉറപ്പാക്കും.

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

**ബാഹ്യ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സമുദായ പരിപാടികളുടെയും, ഇടവകയുടെയും ആർച്ച്ഡയോസിസിന്റെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന ബാഹ്യ ദാതാക്കളുടെയും കോൺട്രാക്ടർമാരുടെയും WWCCSകളുമായി ബന്ധപ്പെട്ട് ഇടവകയുടെയും ഏജൻസിയുടെയും എന്റിറ്റിയുടെയും ചുമതലകൾ**

സേഫ്ഗാർഡിംഗ് ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ പോളിസി (Safeguarding Children and Young People Policy) യുടെ 'ആപ്ലിക്കേഷൻ ('Application') സെക്ഷൻ ചുവടെ പറയുന്നവയ്ക്കു വേണ്ടിയുള്ള WWCCsകളുമായി ബന്ധപ്പെട്ട ചുമതലകൾ വിശദീകരിക്കുന്നു:

- ബാഹ്യ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സമുദായ പരിപാടികൾ
- ഇടവകയുടെയും അതിരൂപതയുടെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന ബാഹ്യ ദാതാക്കൾ
- നിശ്ചിത ചരക്കുകളോ സേവനങ്ങളോ ലഭ്യമാക്കുന്നതിന് ഏർപ്പെട്ടിരിക്കുന്ന കോൺട്രാക്ടർമാർ

**ഒഴിവാക്കലുകൾ**

ഒരു WWCC ആവശ്യമില്ലാത്ത ചുരുക്കം സാഹചര്യങ്ങളുണ്ട്:

- 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, അവർ 15 വയസ്സിൽ താഴെയുള്ള ഒരു വ്യക്തിയെ ഒരു തൊഴിൽ സാഹചര്യത്തിൽ സൂപ്പർവൈസ് ചെയ്യുകയാണെങ്കിൽ ഒഴികെ WWCC ആവശ്യകതയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.
- അന്തർസംസ്ഥാന സന്ദർശകരും വിദേശ സന്ദർശകരും ഒരു കലണ്ടർ വർഷത്തിൽ 30 ദിവസത്തിലേറെയുള്ള കാലയളവിലേക്ക് വിക്ടോറിയയിൽ സഭാ ശുശ്രൂഷയിലോ, ജോലിചെയ്യുകയോ, സന്നദ്ധ പ്രവർത്തനം ചെയ്യുകയോ ആണെങ്കിൽ അവർ ഒരു WWCCക്ക് അപേക്ഷിക്കേണ്ടതുണ്ട്.

  ഒരേ കലണ്ടർ വർഷത്തിൽ 5 ദിവസം വരെയുള്ള കാലയളവിൽ ആളുകൾക്ക് ഒരു ഇടവകയ്ക്കുള്ളിൽ ഹ്രസ്വകാല അല്ലെങ്കിൽ ഒരുതവണ മാത്രമുള്ള സന്നദ്ധ പ്രവർത്തനത്തിലോ ജോലിയിലോ ഏർപ്പെടാവുന്നതാണ്. ഇടവകയുടെയും ഏജൻസിയുടെയും എന്റിറ്റിയുടെയും സേഫ്ഗാർഡിംഗ് കമ്മിറ്റികൾ (Safeguarding Committees) ഹ്രസ്വകാല അല്ലെങ്കിൽ ഒരുതവണ മാത്രമുള്ള ചുമതലകളുമായി ബന്ധപ്പെട്ട സാധ്യമായ അപകടസാധ്യതകൾ വിലയിരുത്തുന്നതിനും കുട്ടികൾക്കും യുവജനങ്ങൾക്കുമുള്ള അപകടസാധ്യത കുറയ്ക്കുന്നതിനുമായി WWCC (കൂടാതെ/അല്ലെങ്കിൽ ക്രിമിനൽ ചരിത്ര രേഖകൾ പരിശോധിക്കൽ) ആവശ്യകതകളും തന്ത്രങ്ങളും നിർണ്ണയിക്കുന്നതിന് ഒരു അപകടസാധ്യതാ വിലയിരുത്തൽ നടത്തേണ്ടതുണ്ട്. ഉയർന്ന അപകടസാധ്യത ഉള്ളതായി ന്യായമായും കരുതപ്പെടുന്ന പ്രവൃത്തികളിൽ ഭവന സന്ദർശനം, രാത്രി താമസങ്ങൾ, ക്യാമ്പുകൾ, വിദേശ യാത്രകൾ എന്നിവ ഉൾപ്പെടുന്നു; ഇവയ്ക്ക് ഒരു WWCC ആവശ്യമാണ്. ഹ്രസ്വകാല അല്ലെങ്കിൽ ഒറ്റത്തവണ സന്നദ്ധപ്രവർത്തനം അല്ലെങ്കിൽ ചുമതലകളോടുള്ള നിങ്ങളുടെ സമീപനം നിർണ്ണയിക്കാൻ പ്രൊഫഷണൽ സ്റ്റാൻഡേർഡ് യൂണിറ്റിന് നിങ്ങളെ സഹായിക്കാനാകും.

# വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് ആവശ്യകതകൾ

## ഒരു WWCC സസ്പെൻഡ് ചെയ്യപ്പെടുമ്പോൾ അല്ലെങ്കിൽ പിൻവലിക്കപ്പെടുമ്പോൾ ഇടവകകളുടെയും ഏജൻസികളുടെയും എന്റിറ്റികളുടെയും കർത്തവ്യങ്ങൾ

ഒരു വ്യക്തിക്ക് (പുരോഹിതഗണത്തിലെ അംഗം, ജീവനക്കാരൻ, സന്നദ്ധപ്രവർത്തകൻ, അല്ലെങ്കിൽ അപേക്ഷകൻ) ഒരു ഇന്ററിം നെഗറ്റീവ് നോട്ടീസ് (Interim Negative Notice) അവർ ആദ്യമായി ഒരു WWCCയ്ക്കു വേണ്ടി അപേക്ഷിക്കുമ്പോൾ) അല്ലെങ്കിൽ ഒരു നെഗറ്റീവ് നോട്ടീസ് (Negative Notice) (പരിശോധനാ കാലയളവിൽ സംഭവിക്കുന്ന നടന്നുകൊണ്ടിരിക്കുന്ന പരിശോധനയുടെ ഫലമായി) ലഭിക്കുമ്പോൾ, നിങ്ങളുടെ ഇടവക ഏജൻസി അല്ലെങ്കിൽ എന്റിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസ് ആൻഡ് കമ്മ്യൂണിറ്റി സേഫ്റ്റി (Department of Justice and Community Safety)യുടെ Working with Children Check Unitൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ നിങ്ങളുടെ സഭ, ഏജൻസി അല്ലെങ്കിൽ എന്റിറ്റിക്ക് ആ നോട്ടീസിന്റെ ഒരു പകർപ്പു ലഭിക്കും.

നെഗറ്റീവ് നോട്ടീസ് ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ അവർ ജോലി അല്ലെങ്കിൽ സന്നദ്ധ പ്രവർത്തനം ചെയ്യുന്ന സഭ, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയെ അറിയിക്കേണ്ട കടമ ആ വ്യക്തിക്കുണ്ട്.

ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി ചുവടെ പറയുന്ന കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്:

- അവരുടെ WWCCയുടെ ഒരു പുനഃസ്ഥാപനം തെളിയിക്കുവാൻ അവർക്ക് സാധിക്കുന്നതുവരെ ജീവനക്കാരൻ അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകനെ അവരുടെ ജോലിയിൽ നിന്നും അല്ലെങ്കിൽ സന്നദ്ധ പ്രവർത്തക റോളിൽ നിന്നും സസ്പെൻഡ് ചെയ്യുന്നുവെന്ന്.
- ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുടെ പരിപാടികളിലോ പ്രവർത്തനങ്ങളിലോ സംഭവങ്ങളിലോ ഇടപെട്ടിരിക്കുന്ന കുട്ടികളുമായും യുവജനങ്ങളുമായും ഈ ജീവനക്കാരൻ അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകന് യാതൊരു സമ്പർക്കവും / അല്ലെങ്കിൽ അവരോടൊപ്പമുള്ള ജോലിയും ഇല്ല എന്ന്.
- ഇന്ററിം നെഗറ്റീവ് നോട്ടീസ് അല്ലെങ്കിൽ നെഗറ്റീവ് നോട്ടീസ് സഭയുടെ, അല്ലെങ്കിൽ ഏജൻസിയുടെ അല്ലെങ്കിൽ എന്റിറ്റിയുടെ WWCC രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെടുന്നു എന്ന്.

CATHOLIC ARCHDIOCESE
OF MELBOURNE

പതിപ്പ് 1:
ജൂലൈ 2019
പ്രൊഫഷണൽ
സ്റ്റാൻഡേർഡ് യൂണിറ്റ്
psu@cam.org.au

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*